## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 613** **10.03.2015- ൽ മറുപടിക്ക്**

## "ഗ്രീൻ ചാനൽ സമിതികൾ"

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | | **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| എ) | വ്യവസായ സംരംഭകരെ സഹായിക്കുന്നതിന് രൂപീകരിച്ച ഗ്രീൻ ചാനൽ സമിതികൾ മുഖേന നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) | 2 ലക്ഷം രൂപ വരെ സ്ഥിര മൂലധനമുടക്ക് ആവശ്യമായ വ്യവസായ സംരംഭങ്ങൾക്ക് ക്ലിയറൻസുകൾ സുഗമമായി ലഭിക്കുന്നതിന് ഗ്രീൻ ചാനൽ ക്ലിയറൻസ് കമ്മിറ്റി സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്. ജില്ലാ കളക്ടർ ചെയർമാനും, ജനറൽ മാനേജർ കൺവീനറുമായ ഈ ബോർഡ് സംരംഭങ്ങൾക്ക് വിവിധ ഏജൻസികളിൽ നിന്ന് ലഭിക്കേണ്ട ലൈസൻസുകൾ, ക്ലിയറൻസുകൾ, എൻ.ഒ.സി തുടങ്ങിയവ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്നു. |
| ബി) | ഈ സമിതികളുടെ സേവനങ്ങൾ ഓരോ ജില്ലയിലും എത്ര വീതം സംരംഭകർ വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | 2014-2015 വർഷത്തെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>കോട്ടയം - 1<br>തൃശ്ശൂർ - 33<br>മലപ്പുറം - 3<br>വയനാട് - 24<br>കണ്ണൂർ - 626 |

| | | | |
|---|---|---|---|
| സി) | പുതിയ സംരംഭകർക്ക് ഗ്രീൻ ചാനൽ മുഖേന ലഭ്യമാകുന്ന സബ്സിഡികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | സി) | ഗ്രീൽ ചാനൽ മുഖേന സബ്സിഡികൾ നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ